**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംഘർഷം നേരിടാൻ അയൽ സംസ്ഥാനങ്ങളുമായി കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംഘർഷം നേരിടുന്നതിനായി അയൽ സംസ്ഥാനങ്ങളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കരാർ പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | വനം-വന്യജീവി സംരക്ഷണത്തിനും, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ 10-03-2024 ൽ കർണ്ണാടകയിലെ ബന്ദിപ്പൂരിൽ വച്ച് അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി-രൂപീകരിച്ചു. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരി-ക്കുന്നതിനായി ടി കമ്മിറ്റിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ് വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ഡോ. പുകഴേന്തി ഐ.എഫ്.എസ്. നെ ചുമതലപ്പെടുത്തി. ശ്രീ. കെ. വിജയാനന്ദ് ഐ.എഫ്.എസ്., സി.സി.എഫ്., ഈസ്റ്റേൺ സർക്കിൾ, പാലക്കാടിനെ വയനാട് ജില്ലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം. 129/2024/വനം, തീയതി 12-03-2024).<br><br>വിഭവ കൈമാറ്റം, സ്ട്രാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, ഫീൽഡ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ പരസ്പര സഹക-രണത്തിന് കോർഡിനേഷൻ കമ്മിറ്റിയിൽ ധാരണ-യായിട്ടുണ്ട്. കൂടാതെ വിവരവിനിമയത്തിന് സർക്കിൾ, ഡിവിഷൻ തലങ്ങളിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്താനും റേഡിയോ കോളർ ഘടിപ്പിച്ച ആനകളേയും മറ്റു മൃഗങ്ങളേയും ഉൾക്കാട്ടിൽ തുറന്നു വിടുന്നതിനു മുമ്പ് നോഡൽ ഓഫീസർമാരെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതും, റേഡിയോ കോളർ ഘടിപ്പിച്ച മൃഗങ്ങളെക്കുറിച്ചുള്ള വിവരം കർണ്ണാടക, തമിഴ്നാട് വനം വകുപ്പുകൾ കേരള വനംവകുപ്പിനും തിരിച്ചും കൈമാറേണ്ടതാണ് എന്നും തീരുമാ- |

| | | | |
|---|---|---|---|
| | | | നമായിട്ടുണ്ട്. സർക്കിൾ, ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ വിവരവിനിമയത്തിന് വാട്ട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കാനും മൂന്നു സംസ്ഥാനങ്ങളിലുമുള്ള ആനകളേയും കടുവകളേയും കുറിച്ചുള്ള ലഭ്യമായ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കാനും തീരുമാനമായിട്ടുണ്ട്<br><br>അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിലെ റെയിഞ്ച് ഓഫീസർമാർ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും മാസത്തിലൊരിക്കൽ റെയിഞ്ച് തല പട്രോളിംഗ് നടത്തുന്നതിനും സ്ഥിരം കുറ്റവാളികളുടെ വിവരം പരസ്പരം വയ്ക്കുന്നതിനും ആനകളുടേയും കടുവകളുടേയും സിങ്ക്രണൈസിഡ് പോപ്പുലേഷൻ എസ്റ്റിമേഷൻ (synchronized population estimation) സംഘടിപ്പിക്കുന്നതിനും. അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഡിവിഷൻ തലത്തിൽ ത്രൈമാസ യോഗവും സർക്കിൾതലത്തിൽ അർദ്ധവാർഷിക യോഗവും സംസ്ഥാനതലത്തിൽ വാർഷിക യോഗവും സംഘടിപ്പിക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിൽ ധാരണയായിട്ടുണ്ട്.<br><br>തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിലെ കാട്ടാനകളുടെ കണക്കെടുപ്പ് 23-05-2024 മുതൽ 25-05-2024 വരെ നടന്നു.<br><br>ഇപ്രകാരം, അയൽ സംസ്ഥാനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മനുഷ്യ-വന്യമൃഗ സംഘർഷം ഒരു പരിധിവരെ കുറയ്ക്കാൻ കരാറിൽ ഏർപ്പെട്ടശേഷം കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| (സി) | കരാറിൽ ഏർപ്പെട്ടശേഷം വന്യജീവി സംഘർഷം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വനം-വന്യജീവി സംരക്ഷണത്തിനും, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ 10-03-2024 ൽ കർണ്ണാടകയിലെ ബന്ദിപ്പൂരിൽ വച്ച് അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിരൂപീകരിച്ചു. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ടി കമ്മിറ്റിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ് വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ഡോ. പുകഴേന്തി ഐ.എഫ്.എസ്. നെ ചുമതലപ്പെടുത്തി. ശ്രീ. കെ. വിജയാനന്ദ് ഐ.എഫ്.എസ്., സി.സി.എഫ്., ഈസ്റ്റേൺ സർക്കിൾ, പാലക്കാടിനെ വയനാട് ജില്ലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട് |

(സ.ഉ.(സാധാ) നം. 129/2024/വനം, തീയതി 12-03-2024).

വിഭവ കൈമാറ്റം, സ്റ്റാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, ഫീൽഡ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിന് കോർഡിനേഷൻ കമ്മിറ്റിയിൽ ധാരണയായിട്ടുണ്ട്. കൂടാതെ വിവരവിനിമയത്തിന് സർക്കിൾ, ഡിവിഷൻ തലങ്ങളിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്താനും റേഡിയോ കോളർ ഘടിപ്പിച്ച ആനകളേയും മറ്റു മൃഗങ്ങളേയും ഉൾക്കാട്ടിൽ തുറന്നു വിടുന്നതിനു മുമ്പ് നോഡൽ ഓഫീസർമാരെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതും, റേഡിയോ കോളർ ഘടിപ്പിച്ച മൃഗങ്ങളെക്കുറിച്ചുള്ള വിവരം കർണ്ണാടക, തമിഴ്നാട് വനം വകുപ്പുകൾ കേരള വനംവകുപ്പിനും തിരിച്ചും കൈമാറേണ്ടതാണ് എന്നും തീരുമാനമായിട്ടുണ്ട്. സർക്കിൾ, ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ വിവരവിനിമയത്തിന് വാട്ട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കാനും മൂന്നു സംസ്ഥാനങ്ങളിലുമുള്ള ആനകളേയും കടുവകളേയും കുറിച്ചുള്ള ലഭ്യമായ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കാനും തീരുമാനമായിട്ടുണ്ട്

അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിലെ റെയിഞ്ച് ഓഫീസർമാർ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും മാസത്തിലൊരിക്കൽ റെയിഞ്ച് തല പട്രോളിംഗ് നടത്തുന്നതിനും സ്ഥിരം കുറ്റവാളികളുടെ വിവരം പരസ്പരം വയ്ക്കുന്നതിനും ആനകളുടേയും കടുവകളുടേയും സിക്രണൈസിഡ് പോപ്പുലേഷൻ എസ്റ്റിമേഷൻ (synchronized population estimation) സംഘടിപ്പിക്കുന്നതിനും. അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഡിവിഷൻ തലത്തിൽ ത്രൈമാസ യോഗവും സർക്കിൾതലത്തിൽ അർദ്ധവാർഷിക യോഗവും സംസ്ഥാനതലത്തിൽ വാർഷിക യോഗവും സംഘടിപ്പിക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിൽ ധാരണയായിട്ടുണ്ട്.

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിലെ കാട്ടാനകളുടെ കണക്കെടുപ്പ് 23-05-2024 മുതൽ 25-05-2024 വരെ നടന്നു.

ഇപ്രകാരം, അയൽ സംസ്ഥാനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മനുഷ്യ-വന്യമൃഗ സംഘർഷം ഒരു

| |
|---|
| പരിധിവരെ കുറയ്ക്കാൻ കരാറിൽ ഏർപ്പെട്ടശേഷം കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ